


സി.എം.എഫ്.ആർ.ഐ. വിൻറർ സ്കൂൾ സി.ഐ.എഫ്.ടി. ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ ഉദ്ഘാടനം ചെയ്യുന്നു

# സി.എം.എഫ്.ആർ.ഐ. വിൻറർ സ്കൂളിന് തുടക്കം

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) യുവ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന വിൻറർ സ്കൂളിന് തുടക്കം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേരാണ് 21 ദിവസം നീണ്ടുനിൽക്കുന്ന വിൻറർ സ്കൂളിൽ പങ്കെടുക്കുന്നത്.

സമുദ്ര-മത്സ്യമേഖലയുമായി ബന്ധപ്പെട്ട പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന വിൻറർ സ്കൂളിൽ ഐ.എസ്.ആർ.ഒ.യിലെ വിദഗ്ധർ, പ്രമുഖ സമുദ്ര ശാസ്ത്രജ്ഞർ തുടങ്ങിയവരാണ് ക്ലാസുകൾ നയിക്കുന്നത്. ഉപഗ്രഹ-റിമോട്ട് സെൻസിങ് വിവരങ്ങൾ മത്സ്യമേഖലയുടെ പുരോഗതിക്ക് ഏതൊക്കെ രീതിയിൽ ഉപയോഗപ്പെടുത്താമെന്ന് ഗവേഷകരെ പരിശീലിപ്പിക്കും. ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ (ഐ.സി.എ.ആർ.) സാമ്പത്തികസഹായത്തോടെ സി.എം.എഫ്.ആർ.ഐ.യിലെ ഫിഷറി റിസോഴ്സ് അസസ്മെൻറ് ഡിവിഷൻെറ നേതൃത്വത്തിലാണ് പരിപാടി.

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം (സി.ഐ.എഫ്.ടി.) ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ വിൻറർ സ്കൂൾ ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ. ക്രസ്റ്റേഷ്യൻ ഫിഷറീസ് ഡിവിഷൻ മേധാവി ഡോ. ജി. മഹേശ്വരുഡു അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. സോമി കുര്യാക്കോസ്, സീനിയർ സയൻറിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ പ്രസംഗിച്ചു.